ശതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): സർ, സഹകാര്യമേഖലയിലെ ബസ്സുകൾക്ക് താൽക്കാലിക പെർമിറ്റുകൾ നൽകുന്നതിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് ഈ മേഖലയിലെ അനാരോഗ്യകരമായ മൽസരവും തൽഫലമായി ഉണ്ടാകുന്ന അപകടങ്ങളും ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സഹായകരമാകുമെന്ന് ഗവൺമെൻറിന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ്. അതിൻ പ്രകാരം 26-8-85-ൽ ഒരു താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ബസ് സർവ്വീസുകൾ ആവശ്യമാണെന്ന് ബോദ്ധ്യമാകുന്ന റൂട്ടുകളിൽ പുതിയ പെർമിറ്റുകൾ കൊടുക്കാൻ ഇപ്പോഴും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത്യാവശ്യമുള്ള പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതിന് ആർ. ടി. ഒ. ക്ക് തന്നെ നിർദ്ദേശം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. പുതിയതായി സർവ്വീസ് ഏർപ്പെടുത്തേണ്ട റൂട്ടുകൾ 10 കിലോമീറ്ററിൽ കൂടുതലുണ്ടെങ്കിൽ പുതിയ സർവ്വീസ് അനുവദിക്കാവുന്നതാണെന്ന നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

(23) ശാന്തിവിള ഗവൺമെൻറ് ആശുപത്രിയുടെ ശോചനീയാവസ്ഥയെ സംബന്ധിച്ച്

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധക്കുവേണ്ടിയാണ് ഞാൻ പറയുന്നത്. നേമം നിയോജകമണ്ഡലത്തിലെ നേമം പഞ്ചായത്തിലെ ശാന്തിവിള സർക്കാരാശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റില്ല. ആ ആശുപത്രിയിലെ വാർഡുകളിൽ രാത്രിയിൽ വെളിച്ചം കിട്ടുന്നതിന് ബൾബുകളില്ല. ആശുപത്രി പരിസരം വൃത്തിയാക്കുന്നതിന് സ്വീപ്പർമാരില്ല. അവിടത്തെ ലാട്രിൻ പൊട്ടി ഒലിക്കുകയാണ്. ഈ കാര്യങ്ങളിലൊക്കെ ഗവൺമെൻറിൻറെ അടിയന്തിരമായ ശ്രദ്ധ ക്ഷണിക്കുകയാണ്. അതിന് എത്രയും വേഗം പരിഹാരമുണ്ടാക്കണമെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അന്വേഷണത്തിൽ അവിടെ വാർഡുകളിൽ ബൾബുകളുണ്ടെന്നാണ് മനസ്സിലായത്. വേറെ കുഴപ്പമൊന്നുമില്ല. ഇനി ബൾബ് ആരെങ്കിലും മനഃപൂർവ്വം തല്ലിപ്പൊട്ടിക്കുകയാണോയെന്ന് അറിഞ്ഞുകൂടാ. ഏതായാലും ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്.

(24) ഇരിക്കൂർ മണ്ഡലത്തിലെ ഹിൽവേ റോഡുകളുടെ അനാഥാവസ്ഥയെക്കുറിച്ച്

ശ്രീ. കെ. സി. ജോസഫ്: സർ, ഹിൽവേ റോഡ് എന്ന പേരിൽ ആരംഭിച്ച പദ്ധതി ഇന്ന് വളരെ അനാഥാവസ്ഥയിലാണ്. എൻറെ നിയോജകമണ്ഡലത്തിൽ മൂന്നു ഹിൽവേ റോഡുകളും ഉണ്ട്. ആ പദ്ധതിക്കുവേണ്ടി ഇപ്പോൾ ബഡ്ജറ്റിൽ പണമില്ല. മാട്ടിര—കാലങ്കി റോഡ് എന്ന പ്രധാനപ്പെട്ട റോഡ് ഉൾപ്പെടെയുള്ള നിരവധി റോഡുകളും ഈ മണ്ഡലത്തിലുണ്ട്. പക്ഷേ ആ ഹിൽവേറോഡ് one time സ്കീമായതുകൊണ്ട് ഇപ്പോൾ റിപ്പയർ വർക്കുകളൊന്നും നടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly